⇨ *1.5 ബില്യൺ ഡോളർ കടം സച്ച് ഭാരത് പ്രൊജക്ടിനുവേണ്ടി വാങ്ങിയിരിക്കുന്നു* ⇨

# ഇത് ജനങ്ങളെ കൊന്നൊടുക്കി സമരങ്ങളെ നിശബ്ദമാക്കുന്ന കാലം

ഈ വികസനത്തെ നമ്മൾ എങ്ങനെയാണ് നേരിടേണ്ടത്? നേരിട്ടേ കഴിയൂ. കാരണം നമ്മെ സംബന്ധിച്ച് ഇത് ജീവൻ മരണ പ്രശ്നമാണ്. നിലനിൽപ്പിന്റെയും അതിജീവനത്തിന്റെയും പ്രശ്നമാണ്. സ്വകാര്യകമ്പനികൾക്കത് സമ്പത്തും ലാഭവുമാണ്. രാഷ്ട്രീയപാർട്ടികൾക്ക് അധികാരമാണ്.

**എസ്.പി. ഉദയകുമാർ**

**അദാനിയുടെയും** അംബാനിയുടെയും അനിൽ അഗർവാളിന്റെയും വികസനം ഞങ്ങളുടെ 'വികസനം' ആവുന്നില്ല. സുസ്ഥിര വികസനത്തെ കുറിച്ചാണ് ഞാൻ പറയുന്നത്. കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും കച്ചവടക്കാരുടെയും തുന്നൽക്കാരുടെയും വികസനമാണ് യഥാർത്ഥ വികസനം. പാശ്ചാത്യ വികസന മാതൃകകളെയാണ് ഇന്ത്യയിലെ വികസനവക്താക്കളെല്ലാം അനുകരിക്കാൻ ശ്രമിക്കുന്നത്. ഒരു കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് നടത്തിയാൽ പാശ്ചാത്യ വികസന മാതൃകയുടെ പ്രശ്നങ്ങൾ ആർക്കും മനസ്സിലാകും. അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളായ (ഐ.എഫ്.ഐ) ലോകബാങ്ക്, ഐ.എം.എഫ്, ലോക വ്യാപാര സംഘടന, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവരാണ് ഇപ്പോൾ ഓരോ രാജ്യത്തെയും വികസനപ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളാണ്  വികസനത്തെ നിർവ്വചിക്കുന്നത്. ഏകതാനമായ വികസന മാതൃകകളാണ് (സിഗിംൾ മോഡൽ ഡെവലപ്മെന്റ്) ഇവർ എല്ലാ രാജ്യങ്ങൾക്ക് വേണ്ടിയും മുന്നോട്ടുവയ്ക്കുന്നത്. “He is a better salesman than I was” എന്നാണ് മൻമോഹൻസിംഗ് നരേന്ദ്രമോഡിയെ കുറിച്ച് പറഞ്ഞത്. നമ്മുടെ പ്രധാനമന്ത്രി ഇന്ത്യയെ വിറ്റുകൊണ്ടിരിക്കുകയല്ല, വിറ്റുകഴിഞ്ഞിരിക്കുന്നു. ലോകബാങ്കിൽ നിന്നും ഏറ്റവും കൂടുതൽ സോഷ്യൽ ലോൺ വാങ്ങിച്ച രാജ്യം ഇന്ത്യയാണ്. 1.5 ബില്യൺ ഡോളർ കടം സ്വച്ഛ് ഭാരത് പ്രൊജക്ടിനുവേണ്ടി വാങ്ങിയിരിക്കുന്നു. ഈ പണം എങ്ങിനെയാണ് ഉപയോഗിച്ചു തീർത്തത്?

കരാറടിസ്ഥാനത്തിലാണ് ഐ.എഫ്.ഐ ഓരോ രാജ്യങ്ങൾക്കും പണം കടം നൽകുന്നത്. സ്ട്രക്ച്ചറൽ അഡ്ജസ്റ്റ്മെന്റ് പോളിസി എന്നാണ് ഇതിനെ പറയുന്നത്. നമുക്ക് കടം തരും പക്ഷെ ആ തുക എന്തു ചെയ്യണമെന്ന് അവർ (ഐ.എഫ്.ഐ) തീരുമാനിക്കും. ജനങ്ങൾക്ക് ഗുണപ്രദവും സൗജന്യവുമായ രീതിയിൽ എന്തെങ്കിലും ചെയ്യണമെന്ന് ഐ.എഫ്.ഐ ആവശ്യപ്പെടുന്നില്ലെന്നു മാത്രമല്ല അത്തരം പ്രവർത്തികളെ വിലക്കുക കൂടി ചെയ്യുന്നു. വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, ഊർജ്ജം തുടങ്ങിയവയൊന്നും സൗജന്യമായി നൽകാനുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായം അനുവദിക്കില്ല. ഇത് സ്വകാര്യസ്ഥാപനങ്ങളെയാണ് പ്രത്യക്ഷമായി പ്രോത്സാഹിപ്പിക്കുന്നത്. പൊതുസ്ഥാപനങ്ങൾ ദുർബലപ്പെടുന്നു.

കേരളീയം വികസനം പ്രത്യേകലക്കം പ്രകാശനം ചെയ്തുകൊണ്ട് 2018 ജൂൺ 6ന് തിരുവനന്തപുരത്ത് സംസാരിച്ചത്.

ഐ.എഫ്.ഐകൾ പറയുന്നത് പോലെ ഓരോ രാജ്യങ്ങളും അവരവരുടെ ഘടനകളിൽ അഡ്ജെസ്റ്റ്മെന്റ് വരുത്തണം എന്നതാണ് നിബന്ധന. ഇപ്രകാരം നമ്മളെ അടിമകളാക്കുകയാണ് അവർ ചെയ്യുന്നത്. അതുപോലെ സ്റ്റെബിലൈസേഷൻ പ്രോഗ്രാം. സബ്സിഡികൾ പാവപ്പെട്ടവർക്ക് നൽകാൻ പാടില്ല എന്ന് പറയുന്നു. വൻകിട കമ്പനികൾക്കോ വ്യവസായ സംരംഭങ്ങൾക്കോ ആണ് സബ്സിഡി നൽകുന്നത്. ഇത്തരത്തിലുള്ള നിബന്ധനകളും ഉപാധികളും നിരവധിയാണ്. നിലനിൽക്കുന്ന ഇക്കോണമിയിൽ ഇതുപോലുള്ള നിരവധി സങ്കീർണ്ണതകളുണ്ട്. അത് ഏതെല്ലാമാണെന്ന് നോക്കാം.

സ്റ്റെർലൈറ്റിന്റെ കാര്യം തന്നെ നോക്കൂ, ഓസ്ട്രേലിയയിൽ നിന്ന് ഇരുമ്പയിര് കൊണ്ടുവന്ന് തമിഴ്നാട്ടിൽ പ്രോസസ് ചെയ്ത് ഓസ്ട്രേലിയയിലേക്ക് തന്നെ തിരിച്ചയക്കുന്നു. അവിടെ പ്രോസസിംഗ് നടത്തി അവരുടെ പരിസ്ഥിതിയെ മലിനമാക്കാൻ അവർ തയ്യാറല്ല. ഇന്ത്യയിൽ എന്തുവേണമെങ്കിലും ചെയ്യാം. രാഷ്ട്രീയ പ്രവർത്തകരുടെ അഴിമതിയാണിതിന് പ്രധാന കാരണം.

1. കമ്മിറ്റ്മെന്റ് ചാർജ്ജസ് – ലോക ബാങ്ക് 1000 രൂപ കടം തന്നാൽ അതിൽ നമ്മൾ 200 രൂപ മാത്രമാണ് വാങ്ങുന്നത്. ബാക്കി 800 രൂപ അവരുടെ കൈവശമാണ് ഇരിക്കുന്നത്. ബാക്കി 800 രൂപ കിട്ടും വരെ നിങ്ങൾ പലിശ അടച്ചുകൊണ്ടിരിക്കണം. ഇതിനാണ് കമ്മിറ്റ്മെന്റ് ചാർജ്ജസ് എന്ന് പറയുന്നത്. കൈയ്യിൽ കിട്ടാത്ത പൈസയ്ക്ക് വേണ്ടി പാവപ്പെട്ടവർ കമ്മിറ്റ്മെന്റ് ചാർജ്ജസ് കൊടുക്കണം. ഇന്ത്യയുടെ സാമ്പത്തിക ചരിത്രം പരിശോധിച്ചാൽ ഇതു കാണാം. മൻമോഹൻ സിംഗ് ധനകാര്യമന്ത്രിയായിരുന്ന കാലം മുതൽ ഇതുവരെ 1000 കോടിയിലധികം രൂപ നമ്മൾ കമ്മിറ്റ്മെന്റ് ചാർജ്ജായി കൊടുത്തിട്ടുണ്ട്. പണം കൈയിൽ കിട്ടിയിട്ടില്ല. പക്ഷെ പലിശ അടച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള നിരവധി മാർഗ്ഗങ്ങളിലൂടെ ഐ.എഫ്.ഐകൾ ജനങ്ങളെ വഞ്ചിക്കുകയാണ്. ദരിദ്രരുടെ വികസനമല്ല ഇതിലൂടെ സംഭവിക്കുന്നത്. ബഹുരാഷ്ട്ര കുത്തകകളുടെ വികസനത്തിന് വേണ്ടിയാണ് ഐ.എഫ്.ഐകൾ നിലനിൽക്കുന്നത്. സ്റ്റെർലൈറ്റും ന്യൂക്ലിയർ പവർ പ്ലാന്റുകളുമെല്ലാം ഇത്തരത്തിലുള്ള വികസന പദ്ധതികളാണ്. തമിഴ്നാടിനെ അവർ വല്ലാതെ ടാർഗറ്റ് ചെയ്യുന്നതായാണ് ഞങ്ങൾക്ക് അനുഭവപ്പെടുന്നത്. കാരണം, ഗുജറാത്തിലെ ഭാവ്നഗർ ജില്ലയിലെ മീത്തി വിർദി എന്ന സ്ഥലത്ത് ഒരു ന്യൂക്ലിയർ പവർ പാർക്ക് കൊണ്ടുവരാൻ തീരുമാനമുണ്ടായിരുന്നു. പ്ലാന്റ് അല്ല പാർക്കാണ്. ആറു മുതൽ എട്ട് പ്ലാന്റുകളുള്ള സ്ഥലത്തെയാണ് പാർക്ക് എന്ന് പറയുന്നത്. അമേരിക്കയുടെ സംരംഭമാണിത്. ജനങ്ങൾ അതിനെതിരെ രംഗത്ത് വന്നു. ചെറിയ സമരമായിരുന്നു. ഇടിന്തക്കരൈയിൽ നടന്നതുപോലെ ആയിരം ദിവസങ്ങൾ നീണ്ടുനിന്ന സമരമായിരുന്നില്ല. ഉടൻ തന്നെ മോദി സർക്കാർ ആ പ്രോജക്ട് അവസാനിപ്പിച്ചു. ആന്ധ്രയിലെ പ്രകാശം ജില്ലയിൽ കാവലി എന്ന സ്ഥലത്തേക്ക് അത് മാറ്റി. സ്റ്റെർലൈറ്റ് മഹാരാഷ്ട്രയിൽ തുടങ്ങാനിരുന്നതാണ് എതിർപ്പുകാരണം തമിഴ്നാട്ടിലേക്ക് വരുന്നത്. പല സ്ഥലത്തും നിലയുറപ്പിക്കാൻ കഴിയാത്ത വ്യവസായങ്ങൾ ഒടുവിൽ തമിഴ്നാട്ടിലേക്കാണ് എത്തുന്നത്. അതിന് മുഖ്യമായ കാരണം ഡി.എം.കെ – എ.ഡി.എം.കെ മുന്നണികളുടെ ക്രൂരമായ അഴിമതിയാണ്. റോഡുവികസനമാണ് അനിയന്ത്രിതമായ രീതിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. സേലത്തു നിന്നും ചെന്നൈയ്ക്ക് മൂന്നു റോഡുകളുണ്ട്. ഇനിയുമൊരു 6 വരിപ്പാത കൂടി പണിയാൻ സർക്കാർ പദ്ധതിയിടുന്നു. മരങ്ങളെല്ലാം വെട്ടിനിരത്തി പണിയാൻ പോകുന്ന ആ റോഡിന് നൽകിയിരിക്കുന്ന പേര് ഗ്രീൻ ഹൈവെ എന്നാണ്. സേലം, കാണ്ടമലൈ, കവുത്തി മലൈ, ജവ്വാട് മലൈ, വേടിയപ്പൻ മലൈ എന്നിവിടങ്ങളിലെല്ലാം ഇരുമ്പ് അയിരിന്റെ അംശം കൂടുതലാണ്. ഈ മലകളിലെ ഇരുമ്പയിര് ചെന്നൈയിൽ കൊണ്ടുപോയി തുറമുഖം വഴി കയറ്റി അയയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. അത് തുരന്നെടുക്കാനായാണ് ജിൻഡാൽ എന്ന കമ്പനിക്ക് റോഡുനിർമ്മാണമെന്ന പേരിൽ കരാർ നൽകിയിരിക്കുന്നത്. ഗ്രീൻ ഹൈവേ അതിനുള്ള മറയാണ്. സ്റ്റെർ ലൈറ്റിന്റെ കാര്യം തന്നെ നോക്കൂ, ഓസ്ട്രേലിയയിൽ നിന്ന് ഇരുമ്പയിര് കൊണ്ടുവന്ന് തമിഴ്നാട്ടിൽ പ്രോസസ് ചെയ്ത് ഓസ്ട്രേലിയയിലേക്ക് തന്നെ തിരിച്ചയക്കുന്നു. അവിടെ പ്രോസസിംഗ് നടത്തി അവരുടെ പരിസ്ഥിതിയെ മലിനമാക്കാൻ അവർ തയ്യാറല്ല. ഇന്ത്യയിൽ എന്തുവേണമെങ്കിലും ചെയ്യാം.

⇨ *കന്യാകുമാരി ജില്ലയിൽ മാത്രം 2000 പേരെയാണ് കാണാതായത്* ⇨




രാഷ്ട്രീയപ്രവർത്തകരുടെ അഴിമതിയാണിതിന് പ്രധാന കാരണം. രാഷ്ട്രീയപാർട്ടികളും സർക്കാരും സത്യസന്ധരല്ലാത്തതുകൊണ്ടാണ് സിവിൽസൊസൈറ്റിയുടെ നേതൃത്വത്തിലുള്ള സമരങ്ങൾ രാജ്യവ്യാപകമായി ശക്തിപ്പെടുന്നത്.

തമിഴ്നാട് മുഴുവൻ പുതിയ പദ്ധതികൾ വന്നുകൊണ്ടേയിരിക്കുകയാണ്. ഈ പദ്ധതികളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ജനങ്ങളുമായി തുറന്ന് സംസാരിക്കണം എന്നുമാത്രമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. പദ്ധതികളെ സംബന്ധിച്ച് വിവരങ്ങൾ സുതാര്യമാക്കണം. പാരിസ്ഥിതികാഘാത പഠനം, സോഷ്യൽ ഓഡിറ്റ് എന്നിവ നടത്തണം. പ്രാദേശിക ഭാഷകളിൽ പദ്ധതി ലഘുലേഖകൾ ലഭ്യമാക്കണം. ജനങ്ങളുടെ അഭിപ്രായം അറിഞ്ഞശേഷം തദ്ദേശവാസികളുടെ അനുമതി ഉണ്ടെങ്കിൽ മാത്രം പദ്ധതി നടപ്പിലാക്കുക. ഇതിനെയെല്ലാം ഉൾക്കൊള്ളുന്ന ജനാധിപത്യ വികസനമല്ല ഇവിടെ നടക്കുന്നത്, ഫാസിസ്റ്റ് ജനാധിപത്യമാണ് ഇവിടെ നിലനിൽക്കുന്നത്. ജനങ്ങളുടെ ആവശ്യം എന്താണെന്ന് തീരുമാനിക്കുന്നത് ഏകാധിപതികളായ കോർപ്പറേറ്റുകളാണ്. എവിടെ ഏതു പദ്ധതി നടപ്പിലാക്കണമെന്ന് മുതലാളിമാർ തീരുമാനിക്കുന്നു. പുറത്തു നിന്ന് വരുന്ന കമ്പനികൾക്ക് ഭൂമി, വെള്ളം, വൈദ്യുതി എന്നിവയെല്ലാം സൗജന്യമായി നൽകുന്നു. മനുഷ്യന്റെ അധ്വാനശേഷിയെ ചൂഷണം ചെയ്യുന്നു. പാരിസ്ഥിതിക നഷ്ടങ്ങളെ കുറിച്ച് കോർപ്പറേറ്റുകൾ ബോധവാൻമാരാകേണ്ട ആവശ്യം പോലും വരാത്ത തരത്തിലാണ് സർക്കാരുകൾ അവർക്ക് സൗകര്യമൊരുക്കുന്നത്. ഇതാണോ വികസനം? ഇതല്ല വികസനം എന്നാണ് ഞങ്ങൾ പറയുന്നത്. മറ്റൊരു പദ്ധതി നോക്കാം, സാഗർമാല പ്രൊജക്ട്. 7500 കിലോമീറ്റർ നീളമുള്ള കടൽക്കരയിൽ നിരവധി പദ്ധതികൾ കൊണ്ടുവരുകയും അവയെ കോർത്തിണക്കുകയും ചെയ്യുന്ന ഒരു വൻ പദ്ധതിയാണിത്. ഇതിലുൾപ്പെടുന്ന വ്യവസായ യൂണിറ്റുകളെ പരസ്പരം ബന്ധിപ്പിക്കാനായി നാല്, ആറ് വരിപ്പാതകളും രണ്ടുവരി റെയിൽവെ പാതകളും, മറ്റു സമാന്തര പാതകളും പണിയുന്നു. ഇന്ത്യയുടെ തീരങ്ങളും സാമ്പത്തിക മേഖലകളായി മാറുന്നു, മാറ്റുന്നു എന്നതാണ് സത്യം. എന്തുമാത്രം ഭൂമിയാണ് നഷ്ടപ്പെടുന്നത്. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനാവുന്നില്ല. പോഷകാഹാരക്കുറവ് മൂലം കുഞ്ഞുങ്ങൾ മരിച്ചുവീഴുന്നു. ഇന്ത്യയിലെ മൂന്നിലൊന്ന് വിഭാഗം ജനങ്ങളും പോഷകാഹാരത്തിനായി കടലിനെയാണ് ആശ്രയിക്കുന്നത്.

വല്ലാർപ്പാടം പദ്ധതി പരാജയപ്പെട്ടുകിടക്കുമ്പോഴാണ് തൊട്ടടുത്ത് വിഴിഞ്ഞത്ത് ഒന്നുകൂടി പണിയുന്നത്. അതുകൂടാതെ കന്യാകുമാരിയിൽ മറ്റൊന്നുകൂടി പണിയാൻ പോകുകയാണ്. നാലായിരം പേർക്ക് ജോലികിട്ടും എന്നാണ് പറയുന്നത്. പക്ഷെ നാൽപ്പതിനായിരം മത്സ്യത്തൊഴിലാളികൾ നിരാലംബരാകും. ഈ പദ്ധതികളെയൊക്കെ ചോദ്യംചെയ്താൽ നമ്മൾ മാവോയിസ്റ്റുകളാകും. അല്ലെങ്കിൽ നക്സലൈറ്റുകൾ, തമിഴ്പുലികൾ, ദേശദ്രോഹികൾ, വിഘടനവാദികൾ, എന്നൊക്കെ മുദ്രകുത്തപ്പെടുന്നു. ഒറ്റപ്പെടുത്തി അടിച്ചമർത്താൻ

നോക്കുമ്പോൾ ജനങ്ങൾ പ്രതിരോധിക്കും. അതു സ്വാഭാവികമാണ്. ഇതൊക്കെ പറയുമ്പോൾ തമിഴ്ദേശീയവാദമാണ് ഞങ്ങൾ പറയുന്നത് എന്ന് പറയും. ഒരർത്ഥത്തിൽ ഭരണകൂടം തന്നെയാണ് വിഘടനവാദ ചിന്ത വളർത്തുന്നത്. അതാണ് തമിഴ്നാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങളുടെ അഭിപ്രായത്തിന് യാതൊരു മാന്യതയും നൽകുന്നില്ലല്ലോ. 13 പേർ കൊല്ലപ്പെട്ടിട്ടും പ്രധാനമന്ത്രിയോ ആഭ്യന്തര മന്ത്രിയോ ഒരക്ഷരം മിണ്ടുന്നില്ല. ഓഖി ദുരന്തം സംഭവിച്ചപ്പോഴും ഇതു തന്നെ അവസ്ഥ. കന്യാകുമാരി ജില്ലയിൽ മാത്രം 2000 പേരെയാണ് കാണാതായത്. നിരവധിപേർ മരിക്കുകയും ചെയ്തു.

തമിഴ്നാടിന്റെ ഏറ്റവും വലിയ ശാപം സിനിമക്കാരാണെന്നു തോന്നുന്നു. രജനീകാന്ത് പറയുന്നു, തൂത്തുക്കുടി വെടിവെയ്പ്പിന് കാരണം സാമൂഹ്യദ്രോഹികളായ സമരക്കാരാണെന്ന്. മറ്റൊരാൾ കമലഹാസനാണ്. അദ്ദേഹം എന്താണ് ചെയ്യുന്നതെന്നറിയില്ല. ഇടയ്ക്കിടെ വന്ന് പിണറായി വിജയനെ കാണുന്നുണ്ട്. നമ്മളൊന്നും ശ്രമിച്ചാൽ പിണറായി വിജയനെ കാണാൻ കഴിയില്ല. പക്ഷെ കമലഹാസൻ കാണുന്നുണ്ട്. ഇപ്പോൾ രജനീകാന്തും കമലഹാസനുമൊക്കെ പറയുന്നതാണ് തമിഴ്നാടിന്റെ രാഷ്ട്രീയം. രജനീകാന്തും കമലഹാസനും പറയുന്നതാണ് വികസനം. ഞങ്ങളുടെ മുഖ്യമന്ത്രി എടപ്പാടി പളനിസ്വാമി പറയുന്നത് വെടിവയ്പ്പിനെക്കുറിച്ച് എനിക്ക് ഒന്നും അറിയില്ല എന്നാണ്. അത് സത്യമാണ്. എടപ്പാടിക്ക് അല്ലെങ്കിലും ഒന്നുമറിയില്ല. ഗിരിജാ വൈദ്യനാഥൻ എന്ന തമിഴ്നാട് ചീഫ് സെക്രട്ടറിയും കേന്ദ്രവും ചേർന്ന് ആസൂത്രണം ചെയ്തതാണ് ഈ വെടിവയ്പ്പ്. തമിഴ്നാട്ടിൽ ഒട്ടാകെ ജനകീയസമരങ്ങൾ നടക്കുകയാണ്. എവിടെയെങ്കിലും വെടിവെയ്പ്പുണ്ടായി ആളുകൾ മരിച്ചാൽ ജനങ്ങൾ ഭയന്ന് പിന്തിരിയുമെന്നും സമരങ്ങൾ അവസാനിപ്പിക്കുമെന്നുമാണ് സർക്കാർ കണക്കുക്കൂട്ടുന്നത്. ആസൂത്രിതമായ പകരം വീട്ടൽ. ആസൂത്രിതമായ കൂട്ടക്കൊല. അതാണ് നടന്നിരിക്കുന്നത്. വെടിവയ്പ്പിനെക്കുറിച്ച് അന്വേഷിക്കാൻ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. പക്ഷെ ഒന്നും പ്രതീക്ഷിക്കേണ്ട.

ഈ വികസനത്തെ നമ്മൾ എങ്ങനെയാണ് നേരിടേണ്ടത്? നേരിട്ടേ കഴിയൂ. കാരണം നമ്മെ സംബന്ധിച്ച് ഇത് ജീവൻ മരണ പ്രശ്നമാണ്. നിലനിൽപ്പിന്റെയും അതിജീവനത്തിന്റെയും പ്രശ്നമാണ്. സ്വകാര്യകമ്പനികൾക്കത് സമ്പത്തും ലാഭവുമാണ്. രാഷ്ട്രീയപാർട്ടികൾക്ക് അധികാരമാണ്. ജീവിക്കാനുള്ള പരിസരവും പ്രകൃതിയും നഷ്ടപ്പെടുന്നത് നമുക്കാണ്. നാഗർകോവിൽ നിന്നും എല്ലാ ദിവസവും രാവിലെ ഒരു കെ.എസ്.ആർ.ടി.സി ബസ് കേരളത്തിലേക്ക് പുറപ്പെടാറുണ്ട്. അതിന്റെ അവസാന സ്റ്റോപ്പ് കിംസ് ക്യാൻസർ സെന്ററാണ്. ഈ ബസിലെ യാത്രികരിൽ കൂടുതലും കുട്ടികളാണ്. ഏറ്റവും കൂടുതൽ കുട്ടികൾ എത്തുന്നത് കന്യാകുമാരിയിൽ നിന്നും തൂത്തുക്കുടിയിൽ നിന്നുമാണ്. 'ക്യാൻസർ ബസ്' എന്നാണിതിനെ ആളുകൾ വിളിക്കുന്നത്. ഹരിത വിപ്ലവത്തിന്റെ ഭവിഷ്യത്തുകൾ പ്രത്യക്ഷമായി തുടങ്ങിയ ശേഷം പഞ്ചാബിൽ നിന്നും രാജസ്ഥാനിലേക്ക് പോകുന്ന ഒരു ക്യാൻസർ ട്രെയിനിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. സമാനമായ സ്ഥിതിയാണ് ഇവിടെയുമുള്ളത്. എന്താണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. ഇടിന്തക്കരൈയിൽ ഞങ്ങൾ ആയിരം ദിവസത്തോളം അഹിംസാത്മകമായി സമരം നടത്തി. ഒടുവിൽ എന്ത് സംഭവിച്ചു? വീണ്ടും അവിടെ പുതിയ നിലയങ്ങൾ പണിയാൻ പോകുകയാണ്. അഞ്ച് 'i' കൾ ആയി സർക്കാരിന്റെ ഈ സമീപനത്തെ നമുക്ക് കാണാം.

1. impose (തീരുമാനമെടുക്കാനുള്ള വ്യക്തികളുടെ സ്വാതന്ത്ര്യത്തെ നിഷേധിച്ചുകൊണ്ട് മറ്റു ശക്തികളുടെ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുക).
2. ignore (സമരം തുടങ്ങി കഴിഞ്ഞാൽ മുഴുവനായും അവഗണിക്കുക).
3. insult (സമൂഹത്തിനു മുന്നിൽ അപമാനിക്കുക, ഒറ്റപ്പെടുത്തുക).
4. intimidate (കള്ളക്കേസുകൾ, രാജ്യദ്രോഹകുറ്റം, വധഭീഷണി എന്നിവയിലൂടെ ഭയപ്പെടുത്തുക).
5. incineration (ഇവയൊന്നും അനുസരിക്കാത്തപക്ഷം ഏറ്റവും ഒടുവിൽ കൊന്നുകളയുക).

മോദി അടുത്തതവണയും പ്രധാനമന്ത്രിയായി വന്നാൽ incineration എന്നതിനായിരിക്കും സർക്കാർ ശ്രമിക്കാൻ പോകുന്നത്. കൊന്നൊടുക്കി സമരങ്ങളെ ഇല്ലായ്മ ചെയ്യാനേ അവർ ശ്രമിക്കൂ. അടുത്ത ബി.ജെ.പി സർക്കാർ നിലവിലുള്ള അത്രപോലും ജനാധിപത്യം പുലർത്തണമെന്നില്ല. മരിക്കാൻ ഭയമില്ല. രാജ്യത്തിന്റെ ഭാവി എന്തായിരിക്കും എന്നോർക്കുമ്പോൾ മാത്രമാണ് ഭയമുള്ളത്.■